**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- ശ്രീമതി. ജാനകി കുമാരന് ഭൂമി പതിച്ചു നൽകാൻ ഉത്തരവായ 04/03/2016 - ലെ സ .ഉ (കൈ) നം . 263/2016/RD ഭേദഗതി ചെയ്ത് - ഉത്തരവാകുന്നു.

---

**റവന്യൂ (എ) വകുപ്പ്**

G.O.(Ms)No.110/2026/RD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. 04/03/2016 ലെ സ.ഉ (കൈ) നം.263/2016/RD നമ്പർ ഉത്തരവ്
2. 25/09/2017 ലെ സ.ഉ (കൈ) നം.327/2017/റവ നമ്പർ ഉത്തരവ്
3. 10/10/2017 ലെ സ.ഉ (കൈ) നം.342/2017/റവ നമ്പർ ഉത്തരവ്
4. എറണാകുളം ജില്ലാ കളക്ടറുടെ 03/06/2022, 12/06/2024 തീയതിയിലെ L1/7189/2019 നമ്പർ കത്ത്.

5 17.08.2025 ലെ ലാൻഡ് റവന്യു കമ്മീഷണറുടെ LR/8441/2022-LR (J7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മണക്കുന്നം വില്ലേജ്, ബ്ലോക്ക് 19 -ൽ റീസർവ്വെ 433/16 ൽ പ്പെട്ട ഭൂമി പതിച്ചു കൊടുക്കുന്നതിന് ശ്രീമതി ജാനകി കുമാരൻ എന്നയാൾ അപേക്ഷ സമർപ്പിച്ചിരുന്നു . അപേക്ഷക ടി സ്ഥലത്ത് 40 വർഷമായി താമസിച്ചു വരുന്നതിനാൽ യഥാർത്ഥത്തിൽ കുളമായി കിടക്കുന്ന സ്ഥലം ഒഴിവാക്കി ബാക്കി സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിനാണ് അപേക്ഷിച്ചിരുന്നത്. ടി സ്ഥലത്തിന്റെ നാളത് കിടപ്പും കാലപ്പഴക്കവും കണക്കിലെടുത്ത് സബ്ഡിവിഷൻ ചെയ്ത് രേഖകളിൽ മാറ്റം വരുത്തി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ നിയമാനുസൃതം പതിച്ചു നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ തഹസിൽദാർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ അപേക്ഷകയുടെ കൈവശമുള്ള 5.80 ആർ സ്ഥലം 433/16 എന്ന നമ്പറിൽ സബ്ഡിവിഷൻ ചെയ്ത് എറണാകുളം സർവ്വെ സൂപ്രണ്ട് 25/04/2007-ൽ ഉത്തരവായിരുന്നു.

2. ശ്രീമതി. ജാനകി കുമാരന് 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടം പ്രകാരം

ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ അപേക്ഷകയായ ശ്രീമതി. ജാനകി കുമാരൻ 13/02/2012-ൽ മരണപ്പെട്ടതിനാലും, ടി ഭൂമിയിൽ മൂന്ന് കുടുംബങ്ങൾ വീട് വച്ചു താമസിച്ചു വരുന്നതിനാലും, ടി വിഷയത്തിൽ സ്പഷ്ടീകരണത്തിനായി ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് കത്ത് സമർപ്പിച്ചിരുന്നു. മേൽ സർക്കാർ ഉത്തരവ് പരാമർശം (2) ഉത്തരവ് പ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ വീണ്ടും ഈ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് പരാമർശം (3) ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

3. എറണാകുളം ജില്ലാ കളക്ടറുടെ പരാമർശം (4) റിപ്പോർട്ട് പ്രകാരം, അപേക്ഷാ വസ്തുവിൽ ജാനകികുമാരന്റെ മക്കളായ ശ്രീ.ശിവദാസൻ, ശ്രീ.കമലൻ, ശ്രീ.അശോകൻ എന്നിവരുടെ മൂന്ന് കുടുംബങ്ങൾ വീടു വെച്ച് താമസിച്ചു വരുന്നു. മൂന്ന് അപേക്ഷകരുടെ പേരിലും ടി വില്ലേജിൽ സ്വന്തമായി ഭൂമിയില്ലാത്തതിനാലും, അപേക്ഷാവസ്തുവിൽ സ്ഥലപരിശോധന നടത്തി കൈവശം സ്ഥിരീകരിച്ചിട്ടുള്ളതിനാലും, 45 വർഷമായി അപേക്ഷാഭൂമി കൈവശം വച്ചു വരുന്നതിനാലും കുടുംബ വാർഷിക വരുമാനം സൗജന്യ പതിവിന്റെ പരിധിയിൽ വരുന്നതിനാലും, സൗജന്യ നിരക്കിൽ പതിച്ചു നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം ജാനകി കുമാരന് പതിച്ച് നൽകാൻ ഉത്തരവായതും എന്നാൽ ടിയാൾ മരണപ്പെട്ടതിനാൽ പതിച്ചു നൽകിയിട്ടില്ലാത്തതുമായ എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ബ്ലോക്ക് നം .19 , റീസർവ്വെ നം . 433/1 -ൽ നിന്നും സബ് ഡിവിഷൻ നടത്തിയതിനാൽ രൂപപ്പെട്ട 433/16 -ൽ പ്പെട്ട 5.80 ആർ പുറമ്പോക്ക് ഭൂമി ടിയാളുടെ 5 മക്കളിൽ ടി ഭൂമിയിൽ വീട് വെച്ച് താമസിച്ചു വരുന്നതുമായ 1) ശ്രീ.ശിവദാസൻ, 2)ശ്രീ. കമലൻ, 3) ശ്രീ.അശോകൻ എന്നിവർക്ക് പതിച്ചു നൽകാൻ എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി പരാമർശം (1) -ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

5. എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M G RAJAMANICKAM

SECRETARY

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, എറണാകുളം
3. ശ്രീ. കമലൻ പി.കെ, പാപ്പാനിക്കുന്നേൽ (വീട്), നടക്കാവ് പി.ഒ, ഉദയം പേരൂർ - 682307
4. ശ്രീ. അശോകൻ, പാപ്പാനിക്കുന്നേൽ (വീട്), നടക്കാവ് പി.ഒ, ഉദയം പേരൂർ - 682307
5. ശ്രീ. ശിവദാസൻ. പാപ്പാനിക്കുന്നേൽ (വീട്), നടക്കാവ് പി.ഒ, ഉദയം പേരൂർ - 682307

6. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
7. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
8. പൊതു ഭരണ (എസ്.സി) വകുപ്പ് ( ഇനം നം.3798, തീയതി-02/03/2026)
9. കരുതൽ ഫയൽ (എ3/32/2018/റവ)

ഉത്തരവിൻ പ്രകാരം
Signed by
Prathapachandran S
Date: 06-03-2026 15:44:09
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-03-2026

ഫയൽ നം. എ3/117/2025/റവ. ഇനം നം: 3798

വിഷയം : റവന്യൂ വകുപ്പ് - 04.03.2016-ലെ സ.ഉ.(കൈ).നം.263/2016/RD ഉത്തരവ് ഭേദഗതി ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3798

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 3/ 117/ 2025/ റവ. |
| 2 | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | 04/ 03/ 2016 -ലെ സ. ഉ (കൈ ) നം. 263/ 2016/ RD ഉത്തരവ് ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19/ 02/ 2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഇല്ല. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.അനു.എസ്.നായർ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്യം |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27/ 02/ 2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28/ 02/ 2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28/ 02/ 2028 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28/ 02/ 2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കണയന്നൂർ താലൂക്കിൽ , മണക്കുന്നം വില്ലേജിലെ ബ്ലോക്ക് നം . 19, റീ സർവ്വെ നം . 433/16 -ൽ പ്പെട്ട 5.80 ആർ പുറമ്പോക്ക് ഭൂമി ജാനകി കുമാരന് പതിച്ചു നൽകുന്നതിന് പുറപ്പെടുവിച്ച 04/03/2016 -ലെ സ . ഉ (കൈ ) നം . 263/2016/RD ഉത്തരവ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) മണക്കുന്നം വില്ലേജ്, ബ്ലോക്ക് 19 -ൽ റീസർവ്വെ 433/16 ൽ പ്പെട്ട ഭൂമി പതിച്ചു കൊടുക്കുന്നതിന് ശ്രീമതി ജാനകി കുമാരൻ എന്നയാൾ അപേക്ഷ സമർപ്പിച്ചിരുന്നു . അപേക്ഷക ടി സ്ഥലത്ത് 40 വർഷമായി താമസിച്ചു വരുന്നതിനാൽ യഥാർത്ഥത്തിൽ കുളമായി കിടക്കുന്ന സ്ഥലം ഒഴിവാക്കി ബാക്കി സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിനാണ് അപേക്ഷിച്ചിരുന്നത്. ടി സ്ഥലത്തിന്റെ നാളത് കിടപ്പും കാലപ്പഴക്കവും കണക്കിലെടുത്ത് സബ്ഡിവിഷൻ ചെയ്ത് രേഖകളിൽ മാറ്റം വരുത്തി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ നിയമാനുസൃതം പതിച്ചു നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ തഹസിൽദാർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ അപേക്ഷകയുടെ കൈവശമുള്ള 5.80 ആർ സ്ഥലം 433/16 എന്ന നമ്പറിൽ സബ്ഡിവിഷൻ ചെയ്ത് എറണാകുളം സർവ്വെ സൂപ്രണ്ട് 25/04/2007-ൽ ഉത്തരവായിരുന്നു.

3) ശ്രീമതി. ജാനകി കുമാരന് 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടം പ്രകാരം ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് സ.ഉ (കൈ) നം.263/2016/RD തീയതി. 04/03/2016 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ അപേക്ഷകയായ ശ്രീമതി. ജാനകി കുമാരൻ 13/02/2012-ൽ മരണപ്പെട്ടതിനാലും, ടി ഭൂമിയിൽ മൂന്ന് കുടുംബങ്ങൾ വീട് വച്ചു താമസിച്ചു വരുന്നതിനാലും, ടി വിഷയത്തിൽ സ്പഷ്ടീകരണത്തിനായി ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് കത്ത് സമർപ്പിച്ചിരുന്നു. മേൽ സർക്കാർ ഉത്തരവ് സ.ഉ (കൈ) നം.327/2017/റവ തീയതി.25/09/2017 പ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ വീണ്ടും ഈ ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് സ.ഉ (കൈ) നം.342/2017/റവ തീയതി, 10.10.2017 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

4) എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം, അപേക്ഷാ വസ്തുവിൽ ജാനകികുമാരന്റെ മക്കളായ ശ്രീ.ശിവദാസൻ, ശ്രീ.കമലൻ, ശ്രീ.അശോകൻ എന്നിവരുടെ മൂന്ന് കുടുംബങ്ങൾ വീട്ടു വെച്ച് താമസിച്ച വരുന്നു. മൂന്ന് അപേക്ഷകരുടെ പേരിലും ടി വില്ലേജിൽ സ്വന്തമായി ഭൂമിയില്ലാത്തതിനാലും, അപേക്ഷാവസ്തുവിൽ സ്ഥലപരിശോധന നടത്തി കൈവശം സ്ഥിരീകരിച്ചിട്ടുള്ളതിനാലും, 45 വർഷമായി അപേക്ഷാഭൂമി കൈവശം വച്ച വരുന്നതിനാലും കുടുംബ വാർഷികവരുമാനം സൗജന്യ പതിവിന്റെ പരിധിയിൽ വരുന്നതിനാലും, സൗജന്യ നിരക്കിൽ പതിച്ച നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

5) ഇക്കാര്യത്തിൽ താഴെപ്പറയുന്ന ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ കുറിപ്പോടെ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതിന്മേൽ ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കാൻ ഉത്തരവാകുകയുണ്ടായി.

*" മണകുന്നം വില്ലേജിൽ ബ്ളോക് നമ്പർ 19 ൽ സർവ്വേ നമ്പർ 433 / 1 ൽ പെട്ട 5 .80 ആർ ഭൂമി ദീർഘകാലമായി ഭൂമിയിൽ താമസിച്ച വന്ന ശ്രീമതി ജാനകി കുമാരന് പതിച്ച നൽകാൻ മന്ത്രിസഭയുടെ അനുമതിയോടെ 2016 ൽ ഉത്തരവായിരുന്നു . എന്നാൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് തന്നെ ജാനകി കുമാരൻ മരണപ്പെട്ടിരുന്നു. ഇവർക്ക് അവകാശികളായി 5 മക്കളാണ് ഉള്ളത് . അതിൽ ശിവദാസൻ, കമലൻ, അശോകൻ എന്നിവരാണ് ഇപ്പോൾ ഭൂമിയിൽ വീട് വച്ച് താമസിച്ച വരുന്നത് . ഇവർ പതിവിനു അർഹരാണെന്നു ജില്ലാ കലക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .മറ്റു രണ്ടു മക്കളായ സുരേന്ദ്രൻ, രാധാകൃഷ്ണൻ എന്നിവർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യത്തിൽ മന്ത്രി സഭയുടെ അനുമതിയോടെ പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്യേണ്ടതുണ്ട് . വിഷയം മന്ത്രിസഭയുടെ പരിഗണനക്ക്സമർപ്പിക്കാവുന്നതാണ്. ബഹു . മുഖ്യമന്ത്രി കണ്ടാലും "*

**തീരുമാനിക്കേണ്ട വിഷയം**

04/03/2016 - ലെ സ.ഉ (കൈ) നം. 263/2016/RD ഉത്തരവ് പ്രകാരം ജാനകി കുമാരന് പതിച്ച് നൽകാൻ ഉത്തരവായതും എന്നാൽ ടിയാൾ മരണപ്പെട്ടതിനാൽ പതിച്ച നൽകിയിട്ടില്ലാത്തതുമായ എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ ബ്ലോക്ക് നം .19 , റീസർവ്വെ നം . 433/1 -ൽ നിന്നും സബ് ഡിവിഷൻ നടത്തിയതിനാൽ രൂപപ്പെട്ട 433/16 -ൽ പ്പെട്ട 5.80 ആർ പുറമ്പോക്ക് ഭൂമി ടിയാളുടെ 5 മക്കളിൽ ടി ഭൂമിയിൽ വീട് വെച്ച് താമസിച്ച വരുന്നതുമായ 1) ശിവദാസൻ , 2) കമലൻ , 3) അശോകൻ എന്നിവർക്ക് പതിച്ച നൽകാൻ അനുമതി നൽകി പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യാമോ ?

2016/346831?

14 MAR 2016

# കേരള സർക്കാർ

സംഗ്രഹം

എറണാകുളം പള്ളുരുത്തി വില്ലേജ് കോർപ്പറേഷൻ വക പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കോളനി നിവാസികൾക്കും, രാമേശ്വരം വില്ലേജിൽ ഗ്രൗണ്ട് റെന്റ് ഭൂമിയിൽ താമസിക്കുന്ന വ്യാസപുരം കോളനി നിവാസികൾക്കും, പള്ളുരുത്തി വില്ലേജിൽ തോട് പുറമ്പോക്കിൽ താമസിക്കുന്ന തോട്ടിപ്പര കോളനി നിവാസികൾക്കും, മണകുന്നം വില്ലേജിലെ ശ്രീമതി ജാനകി കുമാരനും, നടമ തെക്കുംഭാഗം വില്ലേജിൽ വണിക വൈശ്യ സംഘത്തിനും ഭൂമി പതിച്ചു നൽകുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എ) വകുപ്പ്

സ.ഉ.(എം.എസ്.)നം.263/2016/റവന്യൂ. തീയതി, തിരുവനന്തപുരം, 04.03.2016.

---

## ഉത്തരവ്

എറണാകുളം പള്ളുരുത്തി വില്ലേജ് കോർപ്പറേഷൻ വക പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന കോളനി നിവാസികൾക്കും, രാമേശ്വരം വില്ലേജിൽ ഗ്രൗണ്ട് റെന്റ് ഭൂമിയിൽ താമസിക്കുന്ന വ്യാസപുരം കോളനി നിവാസികൾക്കും, പള്ളുരുത്തി വില്ലേജിൽ തോട് പുറമ്പോക്കിൽ താമസിക്കുന്ന തോട്ടിപ്പര കോളനി നിവാസികൾക്കും, മണകുന്നം വില്ലേജിലെ ശ്രീമതി ജാനകി കുമാരനും, നടമ തെക്കുംഭാഗം വില്ലേജിൽ വണിക വൈശ്യ സംഘത്തിനും ഭൂമി പതിച്ചു നൽകുവാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടം പ്രകാരം അർഹരായവർക്ക് മാത്രം പട്ടയം നൽകാനും, പതിവ് ഭൂമിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പുമായോ, പൊതുമരാമത്ത് വകുപ്പുമായോ, വനംവകുപ്പുമായോ ഒരു തർക്കങ്ങളും നിലവിലില്ല എന്നും ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഡോ.വിശ്വാസ് മേത്ത**

**അഡീഷണൽ ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്
(വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

C.K.V. Kumar

സെക്ഷൻ ഓഫീസർ